# റിസർവ് ബാങ്ക് ഓഫ് ഇൻഡ്യ

**www.rbi.org.in**

RBI/2014-15/650
DCM(Plg) No.G-15/5486/10.27.00/2014-15 ജൂൺ 26, 2015

എല്ലാ ഷെഡ്യൂൾഡ് വാണിജ്യ ബാങ്കുകളുടേയും പ്രൈമറി (അർബൻ) സഹകരണബാങ്കുകൾ റീജിയണൽ ഗ്രാമീണ ബാങ്കുകൾ എന്നിവയുടെയും മാനേജിംഗ് ഡയറക്ടർ, ചെയർമാൻ, മുഖ്യ എക്സിക്യൂട്ടീവ് ഓഫീസർ.

**2005-ന് മുൻപ് വിതരണം ചെയ്ത സീരീസിലുള്ള ബാങ്ക് നോട്ടുകൾ പിൻവലിക്കൽ**

ഈ വിഷയം സംബന്ധിച്ച് പുറപ്പെടുവിച്ചിട്ടുള്ള ഞങ്ങളുടെ സർക്കുലറായ DCM (Plg) NO-G-19/3880/10.27.00/2013-2014 തീയതി മാർച്ച് 03, 2014, DCM (Plg) No. G-8/3004/10.27.00/2014-15 തീയതി ഡിസംബർ 31, 2014, ഡിസംബർ 23, 2014 എന്നീ തീയതികളിൽ പ്രസിദ്ധീകരിച്ച പ്രസ്സ് റിലീസ് എന്നിവ സദയം പരിശോധിക്കുക.

2. ഈ വിഷയം പുനഃപരിശോധിച്ചതിൽ 2005-ന് മുൻപുള്ള ബാങ്ക് നോട്ടുകൾ പിൻവലിക്കാനുള്ള തീയതി ഡിസംബർ 31, 2015-ലേയ്ക്ക് മാറ്റിവയ്ക്കാൻ തീരുമാനിച്ചിരിക്കുന്നു. തൽസംബന്ധമായ നിർദ്ദേശങ്ങൾ ജൂൺ 25, 2015-ലെ പ്രസ്സ് റിലീസിലും ഉൾപ്പെടുത്തിയിട്ടുണ്ട്. (പകർപ്പ് ഇതോടൊപ്പം)

3. പൊതു ജനങ്ങൾക്ക് ഒരു തരത്തിലുമുള്ള ബുദ്ധിമുട്ടുണ്ടാകാതെ, മേൽപറഞ്ഞ ബാങ്ക്നോട്ടുകൾ മുഴുവൻ മൂല്യത്തിനും മാറ്റിയെടുക്കുവാനുള്ള സൗകര്യങ്ങൾ ഏർപ്പെടുത്തണം. ഈ നോട്ടുകൾ നിയമാനുസൃതം വിനിമയം ചെയ്യാവുന്ന സ്ഥിതിയിലാണെന്നും പൊതു ജനങ്ങൾക്ക് ഇടപാടുകൾക്കായ് തുടർന്നും ഉപയോഗിക്കാവുന്നതുമാണെന്ന് അറിയിച്ചുകൊള്ളുന്നു.

4. പൊതുജനങ്ങൾക്ക് നോട്ട് കൈമാറ്റം ചെയ്യുവാനുള്ള എല്ലാ സൗകര്യങ്ങളും ഏർപ്പാടാക്കുവാനും 2005 സീരീസിന് മുമ്പുള്ള ബാങ്ക്നോട്ടുകൾ പുനഃ വിതരണം തടയാനുമുള്ള അറിയിപ്പ് എല്ലാ ശാഖകളിലേക്കും നൽകേണ്ടതാണ്. ഇതോടനുബന്ധിച്ച് മാർച്ച് 03, 2014-ലെ സർക്കുലറിനോടൊപ്പം ചേർത്തുവച്ചിട്ടുള്ള, ചെയ്യാവുന്നതും അല്ലാത്തതുമായ കാര്യങ്ങളുടെ പട്ടിക വിശദവിവരങ്ങൾക്കായി ഗ്രഹിക്കേണ്ടതാണ്. ബാങ്ക് കൗണ്ടറുകളിലൂടെയും ATM - മുകൾ വഴിയും ഇത്തരത്തിലുള്ള നോട്ടുകൾ പുനഃ വിതരണം ചെയ്യപ്പെടുന്നില്ല എന്നും ഉറപ്പാക്കേണ്ടതാണ്. 2005 - നുമുമ്പുള്ള സീരിസിലെ ബാങ്ക്നോട്ടുകൾ തുടർന്ന് എങ്ങനെ കൈമാറ്റം ചെയ്യണമെന്നത് സംബന്ധിച്ച് ഞങ്ങളുടെ സർക്കുലർ DCM(Plg) No-G-17/3231/10.27.00/2013-14 ജനുവരി 23, 2014 - ലെ ഖണ്ഡിക 3-ൽ പറഞ്ഞിട്ടുള്ള മാർഗ്ഗനിർദ്ദേശങ്ങൾക്കു മാറ്റമില്ല.

5. ഈ സർക്കുലർ ലഭിച്ച വിവരമറിയിക്കുക.

വിശ്വാസപൂർവ്വം
എം. കെ. മാൾ,
ജനറൽ മാനേജർ - ഇൻ ചാർജ്